homeless Anglo Indians during the past tewelve months; Have they been allotted any land?

Home Minister (SHRI A. J. JOHN): No application for allotment of land was received from landless and homeless Anglo-Indians during the past twelve months.

ഹരിജൻ വിദ്യാർത്ഥികൾക്ക് കാളേജ് പ്രവേശനം.

* 487. [20] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ എത്ര ഹരിജൻ വിദ്യാർത്ഥികൾക്ക് കാളേജ് പ്രവേശനം നൽകിയിട്ടുണ്ട്;

(ബി) ഇതിൽ ബി. എ. ക്ലാസിലേയ്ക്ക് എത്ര; ഇൻറർമീഡ് എത്ര;

(സി) പ്രൈവറ്റ് കാളേജധികാരികൾ ഹരിജൻ വിദ്യാർത്ഥികളിൽനിന്ന് പ്രവേശനഫീസും, ഒരു ടേമിലെ മുഴുവൻ ഫീസും വസൂൽ ചെയ്തിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ചു എന്തെങ്കിലും പരാതി ഗവണ്മെൻറിലേയ്ക്കു ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) (ബി) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോടു അഫിലിയേറ്റു ചെയ്തിട്ടുള്ള കാളേജുകളിൽ, 552 ഹരിജനവിദ്യാർത്ഥികൾക്കു ഇക്കൊല്ലം പ്രവേശനം നൽകിയിട്ടുണ്ട്. ഇൻറർമീഡിയറ്റു ക്ലാസിലേയ്ക്കു 422 പേർക്കും, ബി. എ, ബി. എസ്സ്സി. ക്ലാസുകളിലേയ്ക്കു 55 പേർക്കും പ്രവേശനം ലഭിച്ചിട്ടുണ്ട്. മദ്രാസ് യൂണിവേഴ്സിറ്റിയോടു അഫിലിയേറ്റു ചെയ്തിട്ടുള്ള കൊച്ചിൻപ്രദേശത്തുള്ള പ്രൈവറ്റു കാളേജുകളിൽ പ്രവേശനം ലഭിച്ചിട്ടുള്ളവരെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) കിട്ടിയിടത്തോളമുള്ള വിവരങ്ങളിൽനിന്നും പ്രവേശനഫീസും, ടേമിലെ ഫീസും ഹരിജനവിദ്യാർത്ഥികളിൽനിന്നും വസൂൽചെയ്തതായി അറിവില്ല.

(ഡി) ഉണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: പ്രവേശനഫീസും, ഒരു ടേമിലെ ഫീസും കൊടുക്കാത്തതുകൊണ്ടു തിരുവിതാംകൂർ സെൻറ്തോമസ് കാളേജിൽ ഹരിജന വിദ്യാർത്ഥികൾക്കു പ്രവേശനം ലഭിച്ചിട്ടില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പരാതി കിട്ടിയിട്ടുണ്ട്. അന്വേഷിച്ചതിൽ അങ്ങനെ വസൂൽ ചെയ്തിട്ടില്ലെന്നാണറിയുന്നതു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അഡ്മിഷൻ കിട്ടിയില്ലെന്നു വിദ്യാർത്ഥികളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്. അന്വേഷിച്ചതിൽ കാളേജധികൃതരിൽനിന്നും ലഭിച്ച മറുപടി പ്രവേശനഫീസും, ടേംഫീസും കൊടുക്കാത്ത കാരണത്താൽ ആർക്കും അഡ്മിഷൻ നിഷേധിച്ചിട്ടില്ലെന്നായിരുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : അതു തെറ്റാണെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വിശ്വസിക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കുടുംബി സമുദായത്തിൽപ്പെട്ട രണ്ടു വിദ്യാർത്ഥികളുടെ കാളേജു പ്രവേശനം സംബന്ധിച്ചു ഞാൻ ഒരു നിവേദനം നടത്തിയതു ഓർമ്മയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തിയതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ആ വിദ്യാർത്ഥികൾക്കു പ്രവേശനം കിട്ടാതെ നിരാശരായി മടങ്ങിയെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതാണല്ലോ പറഞ്ഞതു്. അന്വേഷണം നടത്തിയതിൽ പ്രവേശനഫീസും ടേംഫീസും കൊടുക്കാത്ത കാരണത്താൽ ആർക്കും അഡ്മിഷൻ തടഞ്ഞിട്ടില്ലെന്നു് അറിയാൻ കഴിഞ്ഞു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സെൻറ് തോമസു കാളേജിൽ അഡ്മിഷൻ കിട്ടാത്ത രണ്ടു വിദ്യാർത്ഥികളെ എറണാകുളം മഹാരാജാസു കാളേജിൽ ചേർത്തായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവർക്ക് എവിടെയെങ്കിലും അഡ്മിഷൻ കിട്ടിയതിൽ സന്തോഷിക്കുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സെൻറ് തോമസു കാളേജിൽ പ്രവേശനം കൊടുക്കാത്തതുകൊണ്ടാണു അവർ അവിടെ ചേർന്നതെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏതെങ്കിലും കാളേജിൽ പഠിച്ചാൽ മതിയല്ലോ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : പ്രൈവറ്റ് കാളേജുകളിൽ പ്രവേശനഫീസും, ടേംഫീസും ആവശ്യപ്പെടുന്നതു ഗവണ്മെൻറിൽനിന്നും കൊടുക്കാനുള്ള ഗ്രാൻറ് കുടിശ്ശികയിട്ടതുകൊണ്ടാണെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കാളേജുകളിലും മറ്റും കുടിശ്ശിക ലഭിക്കാനുണ്ടായിരുന്നുവെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുടിശ്ശിക അധികം കാളേജുകൾക്കും കൊടുത്തുകഴിഞ്ഞു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇങ്ങനെ കുടിശ്ശിക വരാൻ കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്യാൻ സാധിക്കാത്തതുകൊണ്ടാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇതിനു മുൻപ് ഇതുപോലെ ഹരിജനവിദ്യാർത്ഥികളിൽനിന്നും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രവേശനം കിട്ടുന്നില്ലെന്നു് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. എല്ലാ കാളേജുകൾക്കും യൂണിവേഴ്സിറ്റിക്കും നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കഴിയുന്നത്ര പ്രവേശനം കൊടുക്കുന്നുമുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇനിയെങ്കിലും ഇങ്ങനെയുള്ള പരാതികൾ വരാതിരിക്കാൻ, ഹരിജനവിദ്യാർത്ഥികൾക്കു് പ്രവേശനം നൽകാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്ക്രീനിങ്ങ് പരീക്ഷ പാസായി വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും കാളേജു് പ്രവേശനം സാദ്ധ്യമല്ല. സാധാരണ മാർക്കിന്റെ അടിസ്ഥാനത്തിലും, കാളേജുവിദ്യാഭ്യാസത്തിനുള്ള കഴിവും പരിശോധിച്ചിട്ടാണു് പ്രിൻസിപ്പൽമാർ കാളേജു് അഡ്മിഷൻ നൽകുന്നതു്. കാളേജു് വിദ്യാഭ്യാസത്തിനുള്ള അഡ്മിഷനു യോഗ്യതയില്ലെന്നു കണ്ടാൽ അഡ്മിഷൻ കിട്ടാൻ ഇടയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഹരിജനനാമത്തിൽ എതെല്ലാം വിഭാഗക്കാർ ഉൾപ്പെട്ടുമെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹരിജനങ്ങൾ പട്ടികജാതിയിൽപ്പെട്ട 35 ജാതിക്കാരാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഹരിജൻ എന്ന വാക്കു് ഉപയോഗിക്കുന്നതു് എന്നുമുതൽക്കാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുറേക്കാലങ്ങൾക്കു മുൻപു് മഹാത്മാ ഗാന്ധി നിർദ്ദേശിച്ചതാണു്. അതിനുശേഷം ഈ പേരിനു പ്രചാരം ലഭിച്ചു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : മഹാത്മാ ഗാന്ധിയാൽ നിർദ്ദേശിക്കപ്പെട്ട ആ ഹരിജനനാമത്തിനു് ഒരു സാമൂഹ്യമായ അർത്ഥമുണ്ടെന്നും, ആ അർത്ഥത്തിനു വിപരീതമായിട്ടാണു് ഇന്നു് ആ പദം ഉപയോഗിക്കുന്നതെന്നും അറിയുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : സർ,

'യമാനിലേന്ദ്രചന്ദ്രാർക്ക
വിഷ്ണുസിംഹാംശുവാജിഷു
സ്തുകാഹികപിഭേകേഷു
ഹരിന്നാ കപിലേ തൃഷു'

എന്നു് 'ഹരി'ശബ്ദത്തിന്റെ നാനാർത്ഥത്തിൽപ്പെട്ട എല്ലാറ്റിനും ഹരിജനപ്രയോഗം അർഹമാണെങ്കിൽ ബ്രാഹ്മണരെയും ഹരിജനങ്ങളായി പരിഗണിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹരിജനങ്ങളായി ഇന്ന് പട്ടികജാതിയിൽപ്പെടുത്തിയിട്ടുള്ളവർ മാത്രമേ ഉൾപ്പെടുന്നുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പ്രൈവറ്റ് കോളേജുകളിൽ നിന്നും, ഹരിജനവിദ്യാർത്ഥികളോട് അഡ്മിഷനുവേണ്ടി 50-ം, 75-ം രൂപ വീതം ഡൊണേഷൻ വാങ്ങിക്കുന്നതായി പരാതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരാതി ലഭിച്ചു. അന്വേഷിച്ചതിൽ അങ്ങനെ ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ സാധിച്ചതു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പന്തളം എൻ. എസ്സ്. എസ്സ്. കോളേജിൽ, ഇൻറർവ്യൂന് 50 രൂപയും, ബി. എ., ബി. എസ്സ്സി. ക്ലാസുകളിലേയ്ക്ക് 75 രൂപയും വാങ്ങിച്ചതായി പരാതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതുതന്നെയാണ് പറഞ്ഞതു്.

WRITTEN ANSWERS

ബോട്ടുജട്ടികൾ.

* 488. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംക്ഷൻഡ് ജട്ടികളിൽ മാത്രമേ സ്റ്റീസ് ബോട്ടുകൾ അടുപ്പിക്കാവൂ എന്ന നിയമത്തിനു ഗവണ്മെൻറ് അയവുവരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു് ;

(സി) ലൈസൻസില്ലാത്ത പോർട്ടർമാരെ ബോട്ടുകളിൽനിന്നും ചരക്കിറക്കുവാൻ ഗവണ്മെൻറനുവാദം നൽകിയിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ഇല്ല.

സഹകരണസംഘങ്ങൾക്കു് ഗ്രാൻറ്.

* 489. [21] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കൊല്ലം സഹകരണസംഘങ്ങൾക്കു് അതതു് എത്ര സംഖ്യ ഗ്രാൻറായും ലോണായും കൊടുത്തിട്ടുണ്ടു് ;

(ബി) ഈ ഇനത്തിൽ കേന്ദ്രഗവണ്മെൻറിൽനിന്നും എന്തു സഹായധനം ഈ സ്റ്റേറിനു ലഭിച്ചിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കഴിഞ്ഞ കൊല്ലം കൈത്തറി സഹകരണസംഘങ്ങൾക്കു് രൂപ 2,03,773-4-2 ഗ്രാൻറും, 6,92,005 രൂപ ലോണും, കയർ സഹകരണസംഘങ്ങൾക്കു 1,12,500 രൂപ ഗ്രാൻറും, 9,85,000 രൂപ ലോണും, കൂടിൽവ്യവസായഗ്രാമോദ്ധാരണസഹകരണസംഘങ്ങൾക്കു് 22,650 രൂപ ഗ്രാൻറായും, മറ്റു സഹകരണസംഘങ്ങൾക്കു് 79,775 രൂപ ഗ്രാൻറായും കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly